പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4827 | 24. 07.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത ഭക്ഷണശാലകൾക്കെതിരെ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | **ശ്രീ. വി. എസ്. ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിലെ ഹോട്ടലുകൾ, ജ്യൂസ് പാർലറുകൾ എന്നിവയിൽ ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനയിൽ ഓരോ ജില്ലയിലും കണ്ടെത്തിയ ഫലങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | എ) | തിരുവനന്തപുരം ജില്ലയിൽ ചിലയിടങ്ങളിൽ വൃത്തിഹീനമായ സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്യുന്നതായി കണ്ടെത്തി. അടുക്കള് പരിസരം പലതിലും ശുചിത്വകുറവ് കണ്ടെത്തി. നല്ല വൃത്തിയുള്ള സ്ഥാപനങ്ങളും ഉണ്ടായിരുന്നതായി റിപ്പോർട്ട് ചെയ്യുന്നു.<br><br>കൊല്ലം ജില്ലയിൽ ചിലയിടങ്ങളിൽവൃത്തിഹീനമായ രീതിയിലുംസാഹചര്യത്തിലും ഭക്ഷണം പാകം ചെയ്യൽ, മലിനജലം പുറത്തേയ്ക്ക് ഒഴുക്കൽ, മാലിന്യം ശരിയായി സംസ്കരിക്കാതിരിക്കൽ, ഓടകളുടെ പ്രവർത്തനം തടസ്സപ്പെടുത്തൽ, ജല സ്രോതസ്സുകൾ മലിനമാക്കൽ, ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിപ്പിക്കൽ, കൊതുകുവളരുന്ന സാഹചര്യം സൃഷ്ടിക്കൽ ഹെൽത്ത് കാർഡില്ലാത്തവർ ഭക്ഷണ പാനീയങ്ങൾ കൈകാര്യം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ കണ്ടെത്തിയിരുന്നു.<br><br>പത്തനംതിട്ട ജില്ലയിൽ നടത്തിയ പരിശോധനയിൽ ചിലയിടങ്ങളിൽ ഹോട്ടൽ തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് ഇല്ല എന്ന് കണ്ടെത്തി. മാത്രമല്ല, സാനിട്ടറി സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല. പഴകിയതും ചീഞ്ഞതുമായ ഭക്ഷണപദാർത്ഥങ്ങൾ സൂക്ഷിക്കുന്നതായി കണ്ടെത്തി. ഉപയോഗിച്ച എണ്ണ വീണ്ടും ഉപയോഗിക്കുന്നു. പുകയില നിയന്ത്രണ ബോർഡുകൾ ഇല്ല. പച്ചക്കറികൾ പലകടകളിലും ചെളി നിറഞ്ഞ നിലത്താണ് വച്ചിരിക്കുന്നത്. മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കുന്നില്ല എന്നും കണ്ടെത്തി.<br><br>ആലപ്പുഴ ജില്ലയിലെ മുൻസിപ്പാലിറ്റികളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ജ്യൂസ് പാർലറുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിയതിൽ 95% വും യാതൊരുവിധത്തിലുള്ള മാനദണ്ഡവും പാലിക്കാതെയാണ് പ്രവർത്തിക്കുന്നത്. |

| | | | |
|---|---|---|---|
| | | | കോട്ടയം ജില്ലയിൽ ചിലയിടങ്ങളിൽ വൃത്തിഹീനമായ സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്യൽ,മാലിന്യം ശരിയായി സംസ്കരിക്കാതിരിക്കൽ, കൊതുകിന്റെ ഉറവിടങ്ങൾ കാണപ്പെട്ടത്. മലിനജലംപുറത്തേയ്ക്ക് ഒഴുകുന്ന രീതിയിൽ കാണപ്പെട്ടത്. ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾ എന്നിവ കണ്ടെത്തി.<br><br>ഇടുക്കി ജില്ലയിലെ തൊടുപുഴയിലെ നടത്തിയ പരിശോധനയിൽ ഹോട്ടലുകൾ, ജ്യൂസ് പാർലറുകൾ എന്നിവയിൽ ചിലയിടങ്ങളിൽ വളരെ വൃത്തിഹീനമായ നിലയിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തി. മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി.<br><br>എറണാകുളം ജില്ലയിൽ മുനിസിപ്പാലിറ്റിയിലെ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒന്നും തന്നെയില്ല. ചിലയിടങ്ങളിൽ ഹോട്ടൽ തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് കണ്ടെത്താൻ സാധിച്ചില്ല. ഹോട്ടലുകളിൽ വൃത്തിഹീനമായ പരിസരവും അടുക്കളയും കണ്ടെത്തി.<br><br>തൃശ്ശൂർ ജില്ലയിൽ ചില ഹോട്ടലുകൾ വൃത്തിഹീനമായ നിലയിൽ പ്രവർത്തിക്കുന്നതായി പരിശോധനയിൽ കണ്ടെത്തി. ചില സ്ഥാപനങ്ങൾ എൽ. എസ്. ജി. സി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. ചില സ്ഥാപനങ്ങൾ സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തി. ഇതര സംസ്ഥാന തൊഴിലാളികൾ ഇത്തരം സ്ഥാപനങ്ങളിൽ ജോലിനോക്കുന്നതായി കണ്ടെത്തി. ചില ഹോട്ടലുകളിലും കൂൾബാറുകളിലും കൊമേഴ്സ്യൽ ഐസ് ഉപയോഗിക്കുന്നതായി കണ്ടെത്തി.<br><br>പാലക്കാട് ജില്ലയിൽ ചിലയിടങ്ങളിൽ ശരിയായ സംവിധാനമില്ലാതെ മലിനജലംപുറത്തേയ്ക്ക് ഒഴുകുന്നതായി കണ്ടെത്തി. മാലിന്യം ശരിയായി സംസ്കരിക്കാത്ത സ്ഥാപനങ്ങളും കണ്ടെത്തി. പകർച്ചവ്യാധികൾ പകരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളും കണ്ടെത്തി.<br><br>മലപ്പുറം ജില്ലയിൽ ശുചിത്വമില്ലായ്മ മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാതിരിക്കൽ, കൊതുകിന്റെ ഉറവിടങ്ങൾ, ഓടകളുടെ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തൽ തുടങ്ങിയവ കണ്ടെത്തി. |

| | | | |
|---|---|---|---|
| | | | കോഴിക്കോട് ജില്ലയിൽ നടത്തിയ പരിശോധനയിൽ കൊതുകിന്റെ ഉറവിടങ്ങൾ കാണപ്പെട്ടു. വൃത്തിഹീനമായ സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്യുന്നതും, മലിനജലം പുറത്തേയ്ക്ക് ഒഴുകിവിടുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ചിലയിടങ്ങളിൽ മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാത്ത സ്ഥാപനങ്ങൾ, പുകവലി നിരോധിത മേഖല എന്ന ബോർഡ് ഇല്ലാത്ത് സ്ഥാപനങ്ങൾ കണ്ടെത്തി നോട്ടീസ് നല്കി.<br><br>കണ്ണൂർജില്ലയിൽവൃത്തിഹീനമായ സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്യുന്നത് മാലിന്യ സംസ്കരണം നടക്കാത്തത്., ഓടകളുടെ ഒഴുക്ക് തടസ്സപ്പെടുത്തുന്നത്.ഹെൽത്ത് കാർഡില്ലാതെ തൊഴിലാളികൾ വസിക്കുന്നത് പുകവലി നിരോധിത ബോർഡ് ഇല്ലാത്തവ വ്യക്തി ശുചിത്വം പാലിക്കാത്ത തൊഴിലാളികൾ എന്നിവ പരിശോധനയിൽ കണ്ടെത്തി.<br><br>വയനാട് ജില്ലയിലെ നഗരസഭയിലെ ഹോട്ടലുകളിൽ നടത്തിയ പരിശോധയിൽ വൃത്തിഹീനമായ സാഹചര്യം, മലിനജലം പുറത്തേയ്ക്ക് ഒഴുക്കിവിടുക, മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാതിരിക്കുന, പകർച്ചവ്യാധി പടരുന്ന സാഹചര്യം സൃഷ്ടിക്കുക തുടങ്ങിയ തരത്തിലുള്ള ഹോട്ടലുകൾ കണ്ടെത്തി അതിന് നോട്ടീസ് നൽകുകയും ചെയ്തു.<br><br>കാസർഗോഡ് ജില്ലയിലെ നഗര പ്രദേശങ്ങളിലെ ഹോട്ടലുകൾ, ജ്യൂസ് പാർലറുകൾ എന്നിവയിൽ ചിലയിടങ്ങളിൽ പകർച്ച വ്യാധി പകരുന്ന വിധം പരിസരം മലിനവും, അടുക്കളയിൽ നിന്ന് പുക പുറത്തേയ്ക്ക് പോകുന്ന സംവിധാനങ്ങൾ ഇല്ലാത്തവയും കുടിവെള്ള പരിശോധന നടത്തിയിട്ടില്ലാത്തവയും മലിനജലം നിർമ്മാർജ്ജനം ചെയ്യാനുള്ള സംവിധാനം ഇല്ലാത്തവയും, അടുക്കള മാലിന്യങ്ങൾ കളയുന്നതിന് സംവിധാനമില്ലാത്തവയും കണ്ടെത്തി. |
| ബി) | മാലിന്യസംസ്കരണ സംവിധാനമില്ലാത്ത എത്ര സ്ഥാപനങ്ങൾ ഈ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | ബി) | കൊല്ലം ജില്ലയിൽ 56, പത്തനംതിട്ടയിൽ 344, കോട്ടയം-205, കോഴിക്കോട്-34 വീതം സ്ഥാപനങ്ങളെ ഇത്തരത്തിൽ കണ്ടെത്തിയിട്ടുണ്ട്. മറ്റ് ജില്ലകളിലെ കണക്ക് ലഭ്യമല്ല. |
| സി) | മലപ്പുറംജില്ലയിൽ മാലിന്യ സംസ്കരണ | സി) | ആറ് |

| | | | |
|---|---|---|---|
| | സംവിധാനമില്ലാത്ത എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് ; | | |
| ഡി | നോട്ടീസ്സൽകിയ ശേഷം എത്ര സ്ഥാപനങ്ങളിൽ വേയ്സ്റ്റ് പിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് ; | ഡി) | ഒന്നും സ്ഥാപിച്ചിട്ടില്ല. |
| ഇ | മലപ്പുറംജില്ലയിലെ നഗരസഭാ പ്രദേശങ്ങളിൽ എത്ര സ്ഥാപനങ്ങളിൽ ഇനിയും വേയ്സ്റ്റ് പിറ്റുകൾ നിർമ്മിച്ചിട്ടില്ലെന്നും ഇവയ്ക്കെതിരെ എടുത്ത നടപടികൾ എന്തെല്ലാമാ ണെന്നും വിശദമാക്കാമോ ? | ഇ) | മലപ്പുറംജില്ലയിലെ നഗരസഭാ പ്രദേശങ്ങളിൽ പരിശോധനയിൽ നിലവിൽ 6 സ്ഥാപനങ്ങളിൽ നോട്ടീസ് നൽകിയിട്ടും വേയ്സ്റ്റ് പിറ്റുകൾ സ്ഥാപിച്ചിട്ടില്ല. തുടർ പരിശോധനയിൽ ഇവർക്ക് കൂടുതൽ സമയം പ്രശ്നപരിഹാരത്തിന് വേണമെന്ന് ബോധ്യപ്പെട്ടതിനാൽ വീണ്ടും സമയം നീട്ടികൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ